# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 102 — 28.01.2019-ൽ മറുപടിക്ക്

## സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്താൻ കർമ്മപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മതാരാധനാലയങ്ങളുടെ സ്ഥലവും വകയിനങ്ങളും അതതു വിഭാഗങ്ങളിലെ തീവ്രസ്വഭാവമുള്ള സംഘടനകൾ ആയുധപരിശീലനങ്ങൾക്കും മതസ്പർദ്ധ വളർത്തുന്ന പ്രചരണങ്ങൾക്കും വ്യാപകമായി ഉപയോഗിച്ച് വരുന്ന വിവരം ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (എ) വ്യാപകമായി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതിനെതിരെ കഴിഞ്ഞ നാലു വർഷമായി മുൻ സർക്കാരും നിലവിലുള്ള സർക്കാരും എന്തെല്ലാം നീക്കങ്ങൾ ഏതെല്ലാം രീതിയിൽ നടത്തിയിട്ടുണ്ട്; വിവരം നൽകുമോ; | (ബി) ഇതിനെതിരെ പോലീസ് നിരീക്ഷണം നടത്തുകയും, ചെറിയ ക്രമസമാധാന വിഷയങ്ങളിൽപ്പോലും മതസ്പർദ്ധക്ക് കാരണമാകാത്ത രീതിയിൽ അതീവ ജാഗ്രത പുലർത്തി പരിഹാരം കണ്ടെത്തിയും, മതസ്പർദ്ധ വളർത്തുന്ന തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ 153 (A) വകുപ്പ് പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തും ആയുധ പരിശീലനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ Arms Act, KP Act പ്രകാരവും കേസ്സുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) ഇത്തരം സംഘടനകളുടെയും സംഘങ്ങളുടെയും സ്വാധീനത്തിൽ നിന്നും മതാരാധനാലയങ്ങളെയും വിശ്വാസങ്ങളെയും സംരക്ഷിക്കുന്നതിനും, മതസ്പർദ്ധ ഇളക്കിവിടുന്നതു തടയുന്നതിനും സംസ്ഥാനത്ത് സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്നറിയിക്കാമോ?

(സി) മതസ്പർദ്ധ ഇളക്കി വിടുന്നതിനും സമാധാന അന്തരീക്ഷം തകർത്ത് ജനങ്ങളുടെ സ്വൈര്യജീവിതം ഇല്ലാതാക്കുന്നതിനുമെതിരെ ജാഗ്രത പുലർത്തുന്നതിലേക്ക് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകുന്നതിനുവേണ്ടി ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, പോലീസിന്റെ സാമൂഹ്യ മാധ്യമ വിഭാഗം തുടങ്ങിയവ മുഖേന ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**